# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2633 09.03.2017 -ലെ മറുപടി

## പുലിമുട്ടുകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം എന്ത് തുകയാണ് ഇതുവരെ അനുവദിച്ചത്; | (എ) | പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 36.50 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കൊല്ലം വെള്ളനാം തുരുത്തിൽ ഐ.ആർ.ഇ. ലിമിറ്റഡിന്റെ ഡെപ്പോസിറ്റ് സ്കീമിൽ പുലിമുട്ട് നിർമ്മാണത്തിനായി 9.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായിട്ടാണോ ഈ തുക അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | അല്ല; നബാർഡ് ധനസഹായമായി 22 കോടി രൂപയും സംസ്ഥാന വിഹിതമായി 14.50 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനം എവിടെയൊക്കെയാണ് ഈ സാമ്പത്തിക വർഷം ആരംഭിച്ചതെന്ന് വെളിപ്പെടുത്താമോ? | (സി) | ഈ സാമ്പത്തിക വർഷം ആറാട്ടുപുഴ പ്രദേശത്ത് കാർഗിലിലും, അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുറക്കാടും, ബീമാപള്ളിയിൽ തയ്ക്കാപള്ളി മുതൽ ചെറിയതുറ കരിശ്ശടി വരെയുള്ള 1.25 കിലോമീറ്റർ ഭാഗത്തും കോഴിക്കോട് ജില്ലയിലെ കല്ലായി അഴിമുഖത്തും പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചേർത്തല അർത്തുങ്കൽ പ്രദേശത്ത് 11.50 കോടി രൂപയുടെ പുലിമുട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ